**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

04.07.2013-ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5612.

## തൃശൂർ ജില്ലയിൽ ടൂറിസം വികസന പ്രവർത്തനങ്ങൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി | **ശ്രീ.എ.പി.അനിൽകുമാർ** (ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) 2012-13 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ ടൂറിസം വികസനത്തിനായി എത്ര രൂപ നീക്കി വെച്ചിരുന്നു; എത്ര രൂപ ചെലവഴിച്ചു; അസംബ്ലി മണ്ഡലം തിരിച്ച് വിവരങ്ങൾ നൽകാമോ; | (എ) ജില്ലകൾ തിരിച്ചോ, അസംബ്ലി മണ്ഡലങ്ങൾ തിരിച്ചോ ടൂറിസം വികസനത്തിന് തുക നീക്കി വെയ്ക്കാറില്ല. |
| (ബി) ഈ കാലയളവിൽ നടത്തിയ പ്രധാന ടൂറിസം വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ; | (ബി) മുസിരിസ് പദ്ധതിയാണ് ഈ കാലയളവിൽ തൃശ്ശൂർ ജില്ലയിൽ നടത്തിയ പ്രധാന ടൂറിസം വികസന പ്രവർത്തനം. കൂടാതെ സരയൂ പദ്ധതി, നാട്ടിക പദ്ധതി, എനാമാവ് നെഹ്റു പാർക്ക്, അന്നമനട സൗഹൃദതീരം, തുടങ്ങിയ പദ്ധതി കളും ഏറ്റെടുക്കുകയുണ്ടായി. |
| (സി) നാട്ടിക മണ്ഡലത്തിൽ മാത്രമായി നടത്തിയ ടൂറിസം പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കാമോ; | (സി) നാട്ടിക മണ്ഡലത്തിലെ സ്നേഹതീരം ബീച്ച് പാർക്കിലെ നിലവിലുള്ള സ്റ്റേജിന്റെ മേൽക്കൂര നിർമ്മാണത്തിന് 28 ലക്ഷം രൂപയാണ് അനുവദി ച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. |
| (ഡി) നാട്ടിക മണ്ഡലത്തിൽ തുടർന്ന് ഏതെങ്കിലും ടൂറിസം വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) നാട്ടിക മണ്ഡലത്തിലെ നാട്ടിക ബീച്ച് ടൂറിസം വികസനപ്രവർത്തനങ്ങൾ ക്കുള്ള പ്രോജക്ട് തയ്യാറാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ